"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽമെട്രോളജി വകുപ്പിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യവകുപ്പ്**

സ.ഉ.(സാധാ) നം.6/2026/CAD    തീയതി.തിരുവനന്തപുരം, 27-01-2026

---

പരാമർശം:- 1. ലീഗൽ മെട്രോളജി കൺട്രോളറുടെ 11-06-2025 തിയതിയിലെ LMD-HQ/1302/2023-A1 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

നടപ്പ സാമ്പത്തിക വർഷം 3475-00-106-98 Improvement in Quality and Efficiency of Verification (P) ശീർഷകത്തിൽ ലീഗൽമെട്രോളജി വകുപ്പിന് 3.68 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നിന്നും ലീഗൽ മെട്രോളജി വകുപ്പിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിന് ലീഗൽ മെട്രോളജി കൺട്രോളർ പരാമർശ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. 2025-2026 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വാഹനങ്ങൾ വാങ്ങുന്നതിന് ധനകാര്യവകുപ്പിന്റെ അനുമതിയ്ക്കായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിയ്ക്കാൻ ലീഗൽ മെട്രോളജി കൺട്രോളറോട് യോഗം നിർദേശിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ കൊടുത്തിരിക്കുന്ന വാഹനങ്ങൾക്ക് പകരമായി അതേ സ്ഥലങ്ങളിലേക്ക് പത്തു ലക്ഷം രൂപയിൽ താഴെ വിലയുള്ള 10 വാഹനങ്ങൾ നടപ്പ് സാമ്പത്തിക വർഷം 3475-00-106-98 Improvement in Quality and Efficiency of Verification (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് വാങ്ങുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

| Sl.No | Vehicle No. | Office/ Custodian | District |
|---|---|---|---|
| 1 | KL 01 Q 7385 | Assistant Controller | Thiruvananthapuram |
| 2 | KL 02 M 7307 | Deputy Controller (FS) | Kollam |
| 3 | KL 01 BA 1487 | Deputy Controller (G) | Alappuzha |
| 4 | KL 01 AN 3933 | Deputy Controller (FS) | Kottayam |
| 5 | KL 01 CB 3537 | Deputy Controller (G) | Kottayam |

| | | | |
|---|---|---|---|
| 6 | KL 01 BA 1497 | Deputy Controller (G) | Ernakulam |
| 7 | KL 01 AN 3934 | Assistant Controller | Thrissur |
| 8 | KL 01 AV 2573 | Deputy Controller (G) | Thrissur |
| 9 | KL 01 BE 3828 | Deputy Controller (FS) | Malappuram |
| 10 | KL 01 BA 1532 | Deputy Controller (G) | Palakkad |

പ്രസ്തുത വാഹനങ്ങൾക്ക് പകരമായി പത്ത് വാഹനങ്ങൾ കണ്ടം ചെയ്ത ശേഷം certificate of deposit സഹിതം Special Facility യിൽ ഉൾപ്പെടുത്തി ബാക്കി വാഹനങ്ങൾ വാങ്ങുന്നതിനു ലീഗൽ മെട്രോളജി കൺട്രോളർ പ്രൊപോസൽ ലഭ്യമാക്കേണ്ടതാണ്. ഏത് വാഹനത്തിന് പകരമാണോ പുതിയ വാഹനങ്ങൾ വാങ്ങുന്നത് അതേ സ്ഥലങ്ങളിലേക്ക് തന്നെ പുതിയ വാഹനങ്ങൾ അനുവദിക്കേണ്ടതാണ്. പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർചേസ് മാനുവൽ, ഇക്കാര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ജോയിന്റ് സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം, പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (CA2/95/2025-CAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ